# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 820 04.03.2020 ലെ മറുപടി

### തൃശ്ശൂർ ജില്ലയിലെ നാശോന്മുഖമായ നദികളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. രാജൻ : | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| നാശോന്മുഖമായ നദികളുടെ സംരക്ഷണത്തിനായുള്ള ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് എന്ന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം നദികളുടെ സംരക്ഷണത്തിനാണ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | കേന്ദ്ര വനം പരിസ്ഥിതി & കാലാവസ്ഥ വ്യതിയാന വകുപ്പ് തയ്യാറാക്കിയിട്ടുള്ള രേഖയാണ് 'ഇൻറഗ്രേറ്റഡ് ആൻറ് ഹോളിസ്റ്റിക്ക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ്'- (കരട്) എന്ന പദ്ധതി പ്രകാരം നിലവിൽ ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'നാഷണൽ റിവർ കൺസർവേഷൻ പ്ലാൻ'-ൽ വിഭാവനം ചെയ്തിട്ടില്ലാത്ത ഘടകങ്ങളായ നദികളിലെ പാരിസ്ഥിതിക നീരൊഴുക്ക്, നദീതട പരിപാലനം, നദികളുടെ കൈവഴികളിലും നദിയിലും ചെറുകിട ജലസംഭരണികളുടെ നിർമ്മാണം, നദീതീരങ്ങളിലെ വനവൽക്കരണം, ഭൂജലപോഷണ നടപടികൾ, കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി നദികളിൽ എത്തിച്ചേരാനിടയുള്ള മാലിന്യങ്ങൾ ഇല്ലാതാക്കുക, പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാതെ സുസ്ഥിര എക്കോ ടൂറിസം നടപ്പിലാക്കുക, ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക, ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ജലം കുറഞ്ഞ അളവിൽ ഉപയോഗിക്കുന്ന വിളകൾ/ കൃഷി |

രീതി കൊണ്ടു വരിക, വ്യാവസായിക സ്ഥാപനങ്ങളിൽ സീറോ ഡിസ്ചാർജ്ജ് സംവിധാനം കൊണ്ടു വരിക, ഉപരിതല ജല ചൂഷണം ഒഴിവാക്കുക, തുടങ്ങിയ ഘടകങ്ങൾ ഉൾച്ചേർന്ന നദീപരിപാലന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ചർച്ചയ്ക്കായി കരട് രൂപത്തിൽ പ്രസിദ്ധീകരിച്ച പ്രസ്തുത രേഖ, പൂർണ്ണമായി അംഗീകരിച്ചതായുള്ള അറിയിപ്പുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ആയതിന്റെ അടിസ്ഥാനത്തിലുള്ള നദീ സംരക്ഷണ നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**